**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2499** **23-02-2026 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക വികസന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ് മെച്ചപ്പെടുത്തുവാനും അതുമൂലം കൂടുതൽ നിക്ഷേപം ലഭിക്കുവാനും എടുത്ത നടപടികൾ വിശദമാക്കാമോ; | (എ) | വാണിജ്യ-വ്യവസായ മേഖലയിലെ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഭാഗമായി സർക്കാർ നടപ്പിലാക്കിയ Ease of Doing Business (EoDB) പരിഷ്കാരങ്ങൾ സംസ്ഥാനത്തിന്റെ നിക്ഷേപ സമാഹരണ രംഗത്ത് ഗണ്യമായ അനുകൂല ഫലങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. DPIIT അവതരിപ്പിച്ച സ്റ്റേറ്റ് ബിസിനസ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) നടപ്പിലാക്കുന്നതിൽ കേരളം കൈവരിച്ച പുരോഗതി ഇതിന് വ്യക്തമായ തെളിവാണ്. 2016-ൽ 22.8 ശതമാനമായിരുന്ന സംസ്ഥാനത്തിന്റെ സ്കോർ, തുടർച്ചയായ നയപരിഷ്കാരങ്ങളിലൂടെ 2022-ൽ 91 ശതമാനത്തിലും 2024-ൽ 99.1 ശതമാനത്തിലും എത്തി. കഴിഞ്ഞ തവണ (വ്യവസായ കേന്ദ്രീകൃതം) രണ്ട് വിഭാഗങ്ങളിൽ ഒന്നാം സ്ഥാനത്തെത്തിയ കേരളം, ഈ തവണ നാല് വിഭാഗങ്ങളിൽ ഒന്നാമതെത്തുകയും, 'ഫാസ്റ്റ് മൂവേഴ്സ്' വിഭാഗത്തേക്ക് മുന്നേറുകയും ചെയ്തു.<br><br>നിക്ഷേപ നടപടികളുടെ ലളിതവത്കരണം, സമയബന്ധിത അനുമതികൾ, നയസ്ഥിരത, സിംഗിൾ വിൻഡോ സംവിധാനങ്ങൾ, ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സംവിധാനങ്ങളുടെ ശക്തീകരണം എന്നിവ ചേർന്ന് കേരളത്തെ വിശ്വാസയോഗ്യവും നിക്ഷേപ സൗഹൃദവുമായ സംസ്ഥാനമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി ആഭ്യന്തരവും വിദേശവുമായ നിക്ഷേപങ്ങൾ സംസ്ഥാനത്തേക്ക് ആകർഷിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു.<br><br>സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെയും കേരള വ്യവസായ നയം 2023 ഉൾപ്പെടെയുള്ള നയപരിഷ്കാരങ്ങളുടെയും ഭാഗമായി ഐ.ടി., ഐ.ടി. ഇതര, നൂതന സാങ്കേതികവിദ്യാ |

മേഖലകളിൽ നിരവധി കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ടുവന്നിട്ടുണ്ട്.

ഇതിന്റെ ഭാഗമായി 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വഴി ₹1.81 ലക്ഷം കോടി രൂപ മൂല്യമുള്ള 449-ലധികം നിക്ഷേപ താൽപ്പര്യപത്രങ്ങൾ സംസ്ഥാനത്തിന് ലഭിച്ചു. പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം 37,608.220 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 63,313 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഈ പദ്ധതികളുടെ നടപ്പാക്കൽ നിലവിൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരു പോലെ പ്രോത്സാഹനം നല്കുന്നതിനായി സർക്കാർ വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കീഴിൽ നിയമനിർമ്മാണങ്ങളും ഭേദഗതികളും ഉൾപ്പെടുന്ന നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ തന്നെ തുടക്കം കുറിച്ചിരുന്നു. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 22 വിവിധ വകുപ്പുകളുടെ 120-ഓളം അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ളവയുടെ

അനുമതികൾ പുതുക്കിനൽകുന്നതിനും കെസ്വിഫ്റ്റ് സജ്ജമാണ്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരം ചുവന്ന വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മൂന്നരവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. പ്രസ്തുത നിയമത്തിന് കീഴിൽ നാളിതുവരെ 92,030 സംരംഭങ്ങൾക്ക് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ കെസ്വിഫ്റ്റിലൂടെ നല്കിയിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Kerala Centralised Inspection System) നടപ്പിലാക്കിയിട്ടുണ്ട്.

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

കൂടാതെ, നിലവിലുള്ള സംരംഭങ്ങളുടെയും പുതുതലമുറ മേഖലകളിലെ സംരംഭങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ പ്രത്യേക മേഖലകളുടെ വികസനം ലക്ഷ്യംവച്ചുകൊണ്ട് കേരള ലോജിസ്റ്റിക്സ് പോളിസി, ESG പോളിസി, കേരള എക്സ്പോർട്ട് പ്രമോഷൻ പോളിസി, കേരള ഹൈടെക്ക് മാനുഫാക്ചറിംഗ് ഫ്രെയിംവർക്ക്, കേരള ഗ്രഫീൻ

| | | | |
|---|---|---|---|
| | | | പോളിസി എന്നിവയും അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് റൂൾ നിലവിൽ വന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞു.<br><br>സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ആവശ്യപ്പെടുന്ന നിരവധി പരിഷ്കരണങ്ങളിൽ സംസ്ഥാനത്തിന് നടപ്പിലാക്കുവാൻ കഴിയുന്നവ നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 34 വ്യവസായ പാർക്കുകളിലായി ഏകദേശം 1,400 വ്യവസായ യൂണിറ്റുകൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം ₹9,500 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനും ഏകദേശം 77,000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലായി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാനായിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | വ്യവസായ വികസന പരിപാടികളുടെ ഭാഗമായി കേരളത്തിലെ ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ 70,000-ത്തിലധികം ആളുകൾക്ക് പുതിയ തൊഴിലവസരങ്ങൾ നൽകിയിട്ടുണ്ട്. 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ പാർക്കുകളിലെ തൊഴിലവസരങ്ങൾ ഗണ്യമായി വർദ്ധിക്കുകയുണ്ടായി.<br><br>ടെക്നോപാർക്ക് : 2016-17-ൽ ടെക്നോപാർക്കിലെ നേരിട്ടുള്ള തൊഴിലവസരങ്ങളുടെ എണ്ണം 51,860 ആയിരുന്നു. 2024-25 ആയപ്പോഴേക്കും ഇത് 80,000 ആയി ഉയർന്നു.<br><br>ഇൻഫോപാർക്ക്: 2016-17-ൽ ഇൻഫോപാർക്കിൽ 32,800 നേരിട്ടുള്ള തൊഴിലവസരങ്ങളാണ് ഉണ്ടായിരുന്നത്. ഇത് 2024-25 ആയപ്പോഴേക്കും 75,000 ആയി വർദ്ധിച്ചു.<br><br>സൈബർ പാർക്ക് : 2016-17-ൽ സൈബർ പാർക്കിൽ 68 നേരിട്ടുള്ള തൊഴിലവസരങ്ങളാണ് ഉണ്ടായിരുന്നത്. ഇത് 2024-25 ആയപ്പോൾ 2,300 ആയി വർദ്ധിച്ചു.<br><br>മൂന്ന് ഐ.ടി. പാർക്കുകളിലുംകൂടി മൊത്തം 72,572 പുതിയ തൊഴിലവസരങ്ങളാണ് 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ സൃഷ്ടിക്കപ്പെട്ടത്. |

| | | | |
|---|---|---|---|
| (സി) | വിവിധ പദ്ധതികളിലൂടെ വ്യവസായരംഗത്ത് എത്രകോടി രൂപയുടെ പുതിയ നിക്ഷേപം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം ലോകോത്തരമാക്കുന്നതിനും നിക്ഷേപ താത്പര്യപത്രങ്ങൾ യഥാർത്ഥ നിക്ഷേപങ്ങളായി പരിവർത്തന പ്പെടുത്തുന്നതിനുമായി 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ, 449 താല്പര്യപത്രങ്ങളിൽ നിന്നായി ഏകദേശം ₹1.81 ലക്ഷം കോടി മൂല്യമുള്ള നിക്ഷേപ താത്പര്യപത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. പ്രസ്തുത സംഗമം നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് മുൻപേ തന്നെ, ഇവയിൽ 112 നിക്ഷേപ താത്പര്യപത്രങ്ങൾ യഥാർത്ഥ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്താൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം രൂപ 37,608.220 കോടി നിക്ഷേപവും ഏകദേശം 63,313 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>2023 മുതൽ നാളിതുവരെ നടപ്പിലാക്കി വരുന്ന Year of Enterprises പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഏകദേശം 4,05,000-ത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം ₹27,000 കോടിയിലധികം നിക്ഷേപം ആകർഷിക്കപ്പെടുകയും 8.6 ലക്ഷംത്തിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>ഇവയ്ക്കു പുറമെ മീറ്റ് ദി ഇൻവെസ്റ്റർ വഴി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70ൽ പരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിലെ പല സംരംഭകരുമായുള്ള ചർച്ചകളും അവസാന ഘട്ടത്തിലും മറ്റുള്ളവ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായി മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പരിപാടികളിലൂടെ 10,000 കോടിയിൽ പരം നിക്ഷേപ താത്പര്യങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് കരുതുന്നു. ഇത് വഴി 5000 ൽ പരം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു എന്ന് വിശ്വസിക്കുന്നു.<br><br>2021 മെയ് മാസം മുതൽ 2026 ഫെബ്രുവരി മാസം വരെയുള്ള കാലയളവിൽ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) വിവിധ സാമ്പത്തിക സഹായ പദ്ധതികളിലൂടെ ആകെ 224 വ്യവസായ യൂണിറ്റുകളിലായി 1,417.84 |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ പുതിയ നിക്ഷേപം സംസ്ഥാനത്ത് സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് കിൻഫ്ര മുഖേന ഐ.ടി, ഡിഫെൻസ്, ഏയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസ്സിംഗ്, പെട്രോകെമിക്കൽ, റോബോട്ടിക്സ്, തുടങ്ങി വിവിധ മേഖലകളിലായി ഏകദേശം 6677 കോടി രൂപയുടെ നിക്ഷേപവും 33500ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. |
| (ഡി) | വനിതാ സംരംഭകർക്കായി എന്തെല്ലാം പദ്ധതികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് വനിതാ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുകയും ചെയ്യുന്നതിനായി സർക്കാർ വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ വായ്പാ പിന്തുണ ലഭ്യമാക്കുന്നതിലൂടെ വനിതകളുടെ വ്യവസായ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതാണ് ലക്ഷ്യം.<br><br>ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി. മുഖേന ‘വീ മിഷൻ’ (WE Mission) വായ്പാ പദ്ധതി നടപ്പിലാക്കുന്നു. നിർമ്മാണ, സേവന മേഖലകളിൽ പ്രവർത്തിക്കുന്ന നിലവിലുള്ള വനിതാ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുടെ വികസനം, നവീകരണം, വൈവിധ്യവൽക്കരണം എന്നിവ ലക്ഷ്യമിട്ട് ധനസഹായം നൽകുന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ശരാശരി വാർഷിക വരുമാനം ₹10 ലക്ഷം കവിയുന്ന, യന്ത്രസാമഗ്രികളുള്ള സംരംഭങ്ങൾക്കാണ് വായ്പാ സഹായം ലഭിക്കുക. പദ്ധതി പ്രകാരം പദ്ധതിചെലവിന്റെ പരമാവധി 80 ശതമാനം വരെ, പരമാവധി ₹50 ലക്ഷം വരെ വായ്പ അനുവദിക്കാവുന്നതാണ്. 7.50 ശതമാനം പലിശനിരക്കിലാണ് വായ്പ ലഭിക്കുക.<br><br>കൂടാതെ സംരംഭം വിപുലീകരിക്കുന്നതിനു വി-മിഷൻ പദ്ധതി പ്രകാരം മിനിമം 10 ലക്ഷം രൂപ വാർഷിക വരുമാനമുള്ളവർക്ക് 51% കുറയാത്ത ഓഹരിയുള്ള വനിതാ സംരംഭകർക്ക് പരമാവധി 50 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി ലോൺ നൽകി വരുന്നു. നിലവിൽ 7.5% പലിശനിരക്കിൽ ആറ് വർഷത്തേയ്ക്കാണ് പ്രസ്തുത വായ്പ നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, 31 സംരംഭകർക്കായി 753 ലക്ഷം രൂപയുടെ ധനസഹായം നൽകാനും തദ്വാരാ ഏകദേശം നാനൂറ്റിഅൻപതോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 59 ഓളം വനിതാ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യുകയും അവരുടെ സംരംഭങ്ങളെല്ലാംതന്നെ നിലവിൽ വിജയകരമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.<br><br>കേരള സർക്കാർ 2023 ലെ വ്യവസായ നയത്തിൽ സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ഇതിലൂടെ അവരുടെ ബിസിനസ്സ് ആരംഭിക്കാനും വികസിപ്പിക്കാനും നികുതി ഇളവുകൾ, ലോണുകൾ, പരിശീലനം, സാങ്കേതിക സഹായം എന്നിവ നൽകി പിന്തുണ നൽകുന്നു. |

സെക്ഷൻ ഓഫീസർ